മനസ്സിലാക്കി ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമുള്ള പരിപാടികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്.

(ഇ) ഇക്കാര്യം ആലോചിക്കാവുന്നതാണ്.

നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ തിരിച്ച് കൊണ്ടുവരുന്നതിന് നടപടി

*4 [887] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. രാധാകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണത്തിലൂടെ നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യവൽക്കരണ പദ്ധതികൾവഴി തിരിച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഒരു വൃക്ഷംപോലും വളരാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ തൈ നടുന്ന സമ്പ്രദായം തുടർന്നുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സമ്പ്രദായം നിർത്തലാക്കി പകരം വനവൽക്കരണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വനവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന തൈകളുടെ വളർച്ച മോണിറ്റർ ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) വനവൽക്കരണത്തിന്റെ പേരിൽ നടക്കുന്ന അഴിമതി ഇല്ലാതാക്കുന്നതിന് സാമൂഹ്യവനവൽക്കരണത്തിന്റെ മറവിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളേയുംപ്പറ്റി സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാവുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ (28.588 ഹെക്ടർ കൈയേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതിന് മുന്നോടിയായി) 57.180 ഹെക്ടർ പ്രക്ഷീണ വനത്തിൽ വനവൽക്കരണം നടത്തുന്നതിനായി പരിഹാരവനവൽക്കരണ പദ്ധതി (കോമ്പൻസേറ്ററി സഫോർസ്റ്റേഷൻ പ്രോഗ്രാം) (100% സംസ്ഥാന വിഹിതം) എന്ന ഒരു പദ്ധതി 1993-94 വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരം 2002-03 വർഷംവരെ 42,938.24 ഹെക്ടർ പ്രദേശത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 14241.76 ഹെക്ടർ പ്രക്ഷീണ വനത്തിലുള്ള വനവൽക്കരണം നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടരുന്നുണ്ട്.

(സി) ഇല്ല. ഗുണമേന്മ തീരെയില്ലാത്ത സ്ഥലങ്ങളാണ് സാധാരണ വൃക്ഷവൽക്കരണത്തിന് ലഭിക്കുക. അത്തരം സ്ഥലങ്ങൾക്ക് അനുയോജ്യമായ വൃക്ഷതൈകളാണ് നട്ടുവളർത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'സി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗവും വനംവകുപ്പിലെ വിജിലൻസ് വിഭാഗവും മറ്റ് ഏജൻസികളും മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ കേന്ദ്രവനം പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിലും പ്രസ്തുത പരിപാടിയുടെ മൂല്യനിർണ്ണയം നടത്തിവരുന്നു.

(എഫ്) വനംവകുപ്പിലും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

സീഡ് അതോറിറ്റി

*5 [888] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കാവശ്യമായിട്ടുള്ള എല്ലായിനം വിത്തുകളും സമയബന്ധിതമായി എത്തിച്ചുകൊടുക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനായി ഒരു 'സീഡ് അതോറിറ്റി' രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; ഈ അതോറിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഡി) നെൽവിത്ത് സംഭരിക്കുന്നതിനും അത് കൃഷിക്കാരിൽ എത്തിക്കുന്നതിനേയുംക്കുറിച്ച് കാലാകാലങ്ങളിൽ റിവ്യൂ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) കർഷകർക്ക് ആവശ്യമായ വിത്തുകൾ എത്തിച്ചുകൊടുക്കുന്നതിന് സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വിത്തിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി കർഷകർക്കാവശ്യമായതും വർദ്ധിച്ച ഉൽപ്പാദനക്ഷമതയും ഗുണമേന്മയുള്ളതുമായ വിത്ത് ലഭ്യമാക്കുന്നതിന് വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തുൽപ്പാദനവും വിതരണവും സീഡ് അതോറിറ്റിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

(സി) ഉണ്ട്. അതോറിറ്റിയിലെ അംഗങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനം കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള കമ്മിറ്റി അവലോകനം നടത്താറുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly